പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *51

04.02.2020 ൽ മറുപടിക്ക്

## ഏകീകൃത വ്യവസായ ഉൽപ്പാദന ക്ലസ്റ്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ മോൻസ് ജോസഫ്**<br>**ശ്രീ പി.ജെ.ജോസഫ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | പാലക്കാട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏകീകൃത വ്യവസായ ഉൽപ്പാദന ക്ലസ്റ്ററിന്റെ വികസനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ് -I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. 20.11.2019 ലെ സ.ഉ.(സാധാ) നം.1152/ 2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16.01.2020 തിയ്യതിയിലെ സ ഉ (കൈ ) നം 15/ 2020/ വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ വ്യവസായ ക്ലസ്റ്ററിന് ഏത്ര ഏക്കർ ഭൂമിയാണ് ആവശ്യമായുള്ളതെന്നും ഇത് എവിടെ നിന്നാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസി വഴിയാണെന്നും വ്യക്തമാക്കാമോ; | | |
| (സി) | വ്യവസായ ഇടനാഴി എവിടെ നിന്ന് എവിടേക്കാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും ആയതിൽ കൊച്ചി ഉൾപ്പെട്ടിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ